**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

**സ.ഉ.(സാധാ) നം.265/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/02/2021

---

പരാമർശം:- 1 സ.ഉ.(സാധാ)നം.1772/2012/തസ്വഭവ തീയതി 27.06.2012

2 03.03.2020-ന് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പുകൾ

3 സ.ഉ.(സാധാ)നം.722/2020/തസ്വഭവ തീയതി 31.03.2020

4 കേരള ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് ഓർഗനൈസേഷൻ സംസ്ഥാന കമ്മിറ്റി (സി.ഐ.ടി.യു.) 25.12.2020-ൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനം.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ വീതം സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിയമിക്കുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഇപ്രകാരം നിയമിക്കപ്പെട്ട ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി ഓരോ വർഷവും ദീർഘിപ്പിച്ച് നൽകുകയും ഇവർ നാളിതുവരെ സേവനത്തിൽ തുടർന്നു വരുകയും ചെയ്യുന്നു. പരാമർശം (3) ലെ ഉത്തരവ് പ്രകാരം ദീർഘിപ്പിച്ച് നൽകിയ ഇവരുടെ കരാർ കാലാവധി 31.03.2021 ന് അവസാനിക്കുന്ന സാഹചര്യത്തിൽ കരാർ കാലാവധി വീണ്ടും ദീർഘിപ്പിച്ച് നൽകണമെന്ന് കേരള ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് ഓർഗനൈസേഷൻ സംസ്ഥാന കമ്മിറ്റി (സി.ഐ.ടി.യു.) പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ലെ നടപടി കുറിപ്പിലെ ഇനം (1)&(2) പ്രകാരമുള്ള തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി കരാർ അടിസ്ഥാനത്തിൽ നിയമിതരായ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി, ഇവരുടെ പെർഫോമൻസ് അപ്രൈസലിന് വിധേയമായി, 01.04.2021 മുതൽ 31.03.2022 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹരികുമാർ എ എസ്**
**അണ്ടർ സെക്രട്ടറി**

പകർപ്പ്

പ്രസിഡന്റ്/ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് ഓർഗനൈസേഷൻ സംസ്ഥാന കമ്മിറ്റി (സി.ഐ.ടി.യു.) (ഇ-മെയിൽ kgptao@gmail.com മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ.) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/ഇ.&ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by MANJULA G
Date: 2021.02.01 11:25:43 IST
Reason: Approved
സെക്ഷൻ ഓഫീസർ